# ജി.എച്ച്.എസ്.എസ് പട്ടഞ്ചേരി



# അക്കാദമിക മാസ്റ്റർപ്ലാൻ 2025-26

# ഉള്ളടക്കം

ആമുഖം

വിദ്യാലയ ചരിത്രം

അടിസ്ഥാന വിവരങ്ങൾ

അക്കാദമിക മാസ്റ്റർപ്ലാൻ: ലക്ഷ്യങ്ങൾ

പ്രതീക്ഷിതനേട്ടങ്ങൾ

എസ്.എസ്.എൽ.സി റിസൽട്ട് അവലോകനം

അക്കാദമികം - നേട്ടങ്ങൾ

അക്കാദമികം - പോരായ്മകൾ

അക്കാദമിക മാസ്റ്റർ പ്ലാൻ -എച്ച്.എസ് വിഭാഗം

അക്കാദമിക മാസ്റ്റർ പ്ലാൻ- യു.പി. വിഭാഗം

അക്കാദമിക മാസ്റ്റർ പ്ലാൻ - എൽ.പി വിഭാഗം

ഉൾച്ചേർക്കൽ വിദ്യാഭ്യാസം

കൗൺസിലിംഗ്

# ആമുഖം

പാലക്കാട് ജില്ലയിലെ കിഴക്കൻ മേഖലയിലെ വിദ്യാഭ്യാസ പുരോഗതിയിൽ കാര്യമായ സംഭാവന നൽകിയ വിദ്യാലയമാണ് പട്ടഞ്ചേരി ഗവണ്മെന്റ് ഹയർ സെക്കന്ററി സ്കൂൾ.എലിമെന്ററി സ്കൂൾ ആയി പ്രവർത്തിച്ചിരുന്ന വിദ്യാലയം എൽ .പി .സ്കൂളായും തുടർന്ന് 1958 ൽ യു .പി. സ്കൂളായും 1981 ൽ ഹൈ സ്കൂളായും അപ്ഗ്രേഡ് ചെയ്യപ്പെട്ടുകയായണുണ്ടായത് .ആരംഭം മുതൽ നിരവധി വിശിഷ്ട വ്യക്തിത്വങ്ങൾ ഇവിടെ അധ്യാപകരായി സേവനം അനുഷ്ഠിച്ചിരുന്നു. വിവിധ രംഗങ്ങളിൽ നിന്ന് മികവ് തെളിയിച്ച നിരവധി പ്രതിഭകളെ സമൂഹത്തിലേക്കു സംഭാവന ചെയ്തു എന്ന കൃതാർത്ഥതയും വിദ്യാലയത്തിന് അവകാശപ്പെട്ടതാണ്.പ്രീ.പ്രൈമറി മുതൽ പന്ത്രണ്ടാം ക്ലാസ്സ് വരെ 930 വിദ്യാർത്ഥികളും 42 അധ്യാപകരും 5 ഓഫീസ് ജീവനക്കാരും ,കർമ്മനിരതരും ആത്മാർത്ഥതയുള്ളവരും വിദ്യാലയത്തിന് എപ്പോഴും താങ്ങും തണലുമായി പ്രവർത്തിക്കുന്ന പി.ടി.എ , എസ്. എം .സി ,പൂർവ്വവിദ്യാർത്ഥികൾ എന്നിവരുമടങ്ങുന്ന സമൂഹമാണ് ഇപ്പോൾ വിദ്യാലത്തിലുള്ളത്.

ഈ വിദ്യാലയത്തിന്റെ ദീർഘകാലവികസനത്തിനും വിജയത്തിനും വേണ്ടിയുള്ള ഒരു സമഗ്ര പദ്ധതിയാണ് ഈ അക്കാഡമിക് മാസ്റ്റർപ്ലാൻ .വിദ്യാഭ്യാസമേഖലയിൽ മികവിന്റെ പ്രതീകമായി മാറുകയാണ് ലക്ഷ്യം.

# വിദ്യാലയ ചരിത്രം

പാലക്കാട് ജില്ലയുടെ കിഴക്കൻ മേഖലയിൽ വിദ്യാഭ്യാസ പുരോഗതിയിൽ സ്വാധീനം ചെലുത്തിയ വിദ്യാലയങ്ങളിൽ പ്രമുഖമായ സ്ഥാനം വഹിക്കുന്ന വിദ്യാലയമാണ് പട്ടഞ്ചേരി ഗവ. ഹൈസ്കൂൾ. ഭാരതീയ സംസ്കാരത്തിന്റെ ഭാഗമായി നിലനിന്നിരുന്ന ഗുരുകുല സമ്പ്രദായവും കുടിപ്പള്ളിക്കൂടങ്ങളും തന്നെയാണ് ഭട്ടശ്രേണി എന്ന പേരിലുണ്ടായിരുന്ന പട്ടഞ്ചേരിയിലും വിദ്യാഭ്യാസത്തിനായി അനുവർത്തിച്ചിരുന്നത്. അന്നു വരെ സമ്പ്രദായിക വിദ്യാഭ്യാസത്തിന് സൗകര്യമില്ലാതിരുന്ന പട്ടഞ്ചേരിയിൽ ഔപചാരിക വിദ്യാഭ്യാസത്തിന് നാന്ദികുറിച്ചത്, പ്രമുഖ നായർ തറവാടുകളിൽ ഒന്നായ വെള്ളപ്പാട്ടായിരുന്നു. പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാന ഭാഗത്ത് വെള്ളപ്പാട്ട് ശ്രീ. നാരായണമേനോൻ എന്ന മഹാനുഭാവനാണ്. ആദ്യമായി സൗജന്യമായി വിദ്യാഭ്യാസം എന്ന ആശയത്തിൽ കുടിപ്പള്ളിക്കൂടം തുടങ്ങിയത്. സ്വന്തം വീട്ടുമുറ്റത്ത് കുടിപ്പള്ളിക്കൂടം സ്ഥലസൗകര്യം തികയാതെ വന്നപ്പോൾ തറവാടിന്റെ മറ്റുഭാഗങ്ങളും ഉപയോഗിക്കുകയാണ് ഉണ്ടായത്. കുറച്ചു കാലങ്ങൾക്കുശേഷം ഉദാരമതികളായ ഈ തറവാട്ടുകാർ 1919 ഈ വിദ്യാലയം ഗവൺമെന്റിന് സൗജന്യമായി കൈമാറുകയാണുണ്ടായത് ഇന്ന് വിദ്യാലയം നിൽക്കുന്ന സ്ഥലത്ത് LP വിഭാഗം നിൽക്കുന്ന സ്ഥലം പട്ടഞ്ചേരിയിലെ സ്ഥാനികളായ നായർ വീട്ടുകാരാണ് നൽകിയത്. പിന്നീട് മറ്റു പല ഉദാരമതികളും സ്ഥലം സംഭാവന ചെയ്തതിന്റെ ഫലമാണ് ഇന്ന് കാണുന്ന വിശാലമായ വിദ്യാലയ അങ്കണം. ആദ്യകാലത്ത് ലോവർപ്രൈമറിയായിരുന്ന ഈ വിദ്യാലയം 1958 ൽ അപ്ഗ്രേഡ് ചെയ്ത് അപ്പർപ്രൈമറിയായും പിന്നീട് 1981 ൽ ഹൈസ്കൂളായി ഉയർത്തുകയുണ്ടായി.

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | ഗവണ്മെന്റ് ഹയർ സെക്കന്ററി സ്കൂൾ,പട്ടഞ്ചേരി |
| സ്കൂൾ കോഡ് | : | 21098 |
| തരം | : | ഗവണ്മെന്റ് |
| സ്ഥാപിതമായ വർഷം | : | 1919 |
| വിസ്തീർണം | : | 3 .17 1/4 സെന്റ് |
| സ്കൂൾ കോമ്പൗണ്ട് | : | 1 .55 സർവ്വേ നമ്പർ.653 ,24 സെന്റ് സർവ്വേ നമ്പർ 6 60 |
| പ്ലേ ഗ്രൗണ്ട് | : | 1.38 1/ 4 സെന്റ് സർവ്വേ നമ്പർ 653 |
| അഡ്രസ്സ് | : | ഗവണ്മെന്റ് ഹയർ സെക്കന്ററി സ്കൂൾ, പട്ടഞ്ചേരി,പട്ടഞ്ചേരി പോസ്റ്റ്,ചിറ്റൂർ,പാലക്കാട് - 678532 |
| പോസ്റ്റ് ഓഫീസ് | : | പട്ടഞ്ചേരി |
| ഫോൺ നമ്പർ | : | 04923232130 |
| ഇ മെയിൽ ഐഡി | : | ghspty @ gmail .com |
| പഞ്ചായത്ത് | : | പട്ടഞ്ചേരി |
| വില്ലേജ് | : | പട്ടഞ്ചേരി |
| സബ്ജില്ല | : | ചിറ്റൂർ |
| പ്രധാനാധ്യാപിക | : | ശ്രീമതി .ബിന്ദു.പി.മേനോൻ |
| ഫോൺ നമ്പർ | : | 9495778788 |
| ആകെ വിദ്യാർത്ഥികൾ | : | 930 |

# അക്കാദമിക മാസ്റ്റർപ്ലാൻ: ലക്ഷ്യങ്ങൾ

- വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുക
- വിദ്യാർത്ഥികളുടെ വിജയം വർദ്ധിക്കിക്കുക
- അധ്യാപനവും പഠനവും മെച്ചപ്പെടുത്തുക
- ഗവേഷണസ്വഭാവവും നൂതനത്വവും പ്രോത്സാഹിപ്പിക്കുക.
- വിദ്യാർത്ഥികളുടെ കഴിവുകൾ വികസിപ്പിക്കുക
- അധ്യാപകരുടെ പ്രൊഫഷണൽ വികസനം
- പാഠ്യപദ്ധതി നവീകരണം
- വിദ്യാർത്ഥി പിന്തുണാ സേവനങ്ങൾ മെച്ചപ്പെടുത്തുക
- എല്ലാ വിദ്യാർത്ഥിയും ആർജ്ജിക്കേണ്ട അറിവും ശേഷികളും , മൂല്യങ്ങളും ഒാരോ വിദ്യാർത്ഥിയും നേടി എന്ന് ഉറപ്പാക്കൽ.
- പ്രീ.കെ.ജി. മുതൽ പന്ത്രണ്ടാം ക്ലാസ്സ് വരെ ഒാരോ ക്ലാസ്സ് അടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽനൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയ ബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടുത്തൽ.

# പ്രതീക്ഷിതനേട്ടങ്ങൾ

- വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം വർദ്ധിക്കുന്നു
- വിദ്യാലയവും സമൂഹവുമായുള്ള ബന്ധം ശക്തിപ്പെടുന്നു
- ശിശുസൗഹൃദമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു.
- പൊതുപരീക്ഷകളിലെയും മത്സരപരീക്ഷകളിലെയും പ്രകടനം മെച്ചപ്പെടുത്തുവാൻ സഹായിക്കുന്നു
- സഹജീവികളെ സ്നേഹിക്കുന്നതിനും ബഹുമാനിക്കുന്നതിനും സഹായിക്കുന്നതിനുമുള്ള മനോഭാവം സൃഷ്ടിക്കപ്പെടുന്നു.
- കലാ-കായിക വികസനങ്ങൾ
- ശാസ്ത്രാഭിരുചി വളർത്തൽ.

# എസ്.എസ്.എൽ.സി റിസൽട്ട് അവലോകനം

പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിലെ സ്കൂളുകളിൽ മുൻപന്തിയിൽ എപ്പോഴും നിലനിൽക്കുന്ന സ്കൂളാണിത്. ചിട്ടയായ അക്കാദമിക പ്രവർത്തനങ്ങൾ ആദ്യം മുതൽ തന്നെ നടക്കുന്നതുമൂലമാണിത്. എസ്.എസ്.എൽ.സി റിസൽട്ടിൽ സബ് ജില്ലയിൽ തന്നെ രണ്ടാം സ്ഥാനത്താണ് സ്കൂൾ നിലകൊള്ളുന്നത്. 23 ഫുൾ എ പ്ലസും 100% വിജയവുമാണ് ഈ വർഷം കരസ്ഥമാക്കിയത്. ഈ തിളക്കമാർന്ന വിജയത്തിനു പിന്നിൽ അധ്യാപകരുടെ കഠിനാധ്വാനവും പി.ടി.എ., എസ്.എം.സി എന്നിവരുടെ സഹകരണവും എടുത്തുപറയേണ്ടവയാണ്. എസ്.എസ്.എൽ.സി വിദ്യാർത്ഥികൾക്ക് ജൂലൈ മാസത്തിൽ തന്നെ മോർണിംഗ് ക്ലാസ്സ് ആരംഭിക്കുന്നു. പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ തുടക്കത്തിൽ തന്നെ കണ്ടെത്തി അവരുടെ നിലവാരം ഉയർത്തുന്നതിനുവേണ്ട പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. ഈവനിംഗ് ക്ലാസ്സ്, നൈറ്റ് ക്ലാസ്സ്, സാറ്റർഡേക്ലാസ്സ് എന്നിവയെല്ലാം പ്രധാനാധ്യാപികയുടെ നേതൃത്വത്തിൽ കൃത്യമായി നടത്തിവരുന്നു. വിദ്യാർത്ഥികൾക്ക് പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി മോട്ടിവേഷൻ ക്ലാസ്സുകൾ ഇടയ്ക്കിടെ സംഘടിപ്പിക്കാറുണ്ട്. ടേം പരീക്ഷകൾക്ക് പുറമെ യൂണിറ്റ് ടെസ്റ്റുകൾ മാസംതോറും നടത്തുകയും , ക്ലാസ്സ് പി.ടി.എ.കൂടുകയും വിദ്യാർത്ഥികളുടെ പഠനനിലവാരം രകിഷിതാക്കളെ ബോധ്യപ്പെടുത്തുകയും ആവശ്യമായ പിൻതുണ നൽകുകയും ചെയ്യുന്നു. പത്താം ക്ലാസ്സിലെ വിദ്യാർത്ഥികളുടെ ഗൃഹാന്തരീക്ഷം മനസ്സിലാക്കുന്നതിനായി , അധ്യാപകർ അവരുടെ ക്ലാസ്സിലെ കുട്ടികളുടെ വീട് സന്ദർശിച്ച് കുടുംബാന്തരീക്ഷം മനസ്സിലാക്കുന്നു. രക്ഷിതാക്കൾക്കുള്ള ബോധവത്കരണം സാധ്യമാവുമ്പോഴെല്ലാം നടത്തുന്നു.

# അക്കാദമികം - നേട്ടങ്ങൾ

- എസ്.എസ്.എൽ.സി പരീക്ഷയിൽ തുടർച്ചയായി ( ആറാം തവണയും ) 100% വിജയം (23 ഫുൾ എ പ്ലസും)
- ഹയർസെക്കന്ററി പരീക്ഷയിൽ 67% വിജയം
- ശാസ്ത്രോത്സവങ്ങളിൽ സംസ്ഥാനതലം വരെ സമ്മാനം നേടിക്കൊണ്ട് മികച്ച പങ്കാളിത്തം
- കലാ-കായിക മേളകളിൽ മികച്ച പങ്കാളിത്തം
- 2024-25 അധ്യയന വർഷത്തിൽ 2 യു.എസ്.എസ് വിജയികളെയും 7 എൽ.എസ്.എസ് വിജയികളെയും സൃഷ്ടിക്കാൻ സാധിച്ചു.
- ചിറ്റൂർ സബ് ജില്ലയിലുള്ള സർക്കാർ വിദ്യാലയങ്ങളിൽ എ പ്ലസ് ജേതാക്കളുടെ എണ്ണത്തിൽ രണ്ടാം സ്ഥാനം
- തിരുവനന്തപുരത്തുവച്ച് നടന്ന എസ്.പി.സി യുടെ സംസ്ഥാനതല ക്യാമ്പിൽ പത്താം തരത്തിലെ സനുഷ. എസ്. പങ്കെടുക്കുകയും "ലഹരി വിരുദ്ധ അംബാസിഡർ" ആയി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു.
- കേരള സർക്കാറിന്റെ നാലാം വാർഷികാഘോഷപരിപാടിയായ ' എന്റെ കേരളത്തിൽ ' , ലഹരി വിരുദ്ധ വിദ്യാലയമായ ഈ വിദ്യാലയത്തിലെ കുട്ടികൾ ലഹരിക്കെതിരെ ഫ്ലാഷ് മോബ് അവതരിപ്പിച്ചു.
- ജൂഡോ , റസ്സ് ലിംങ് മത്സരങ്ങളിൽ രാജ്യാന്തര തലം വരെയുള്ള പങ്കാളിത്തം. ജില്ലാ ജൂഡോ ചാമ്പ്യൻഷിപ്പിൽ ഓവറോൾ രണ്ടാം സ്ഥാനം.
- " പുകയില രഹിത വിദ്യാലയം"

# അക്കാദമികം - പോരായ്മകൾ

- വീട്ടുകളിൽ ശരിയായ പഠനാന്തരീക്ഷമില്ലായ്മ
- വിദ്യാർത്ഥികളുടെ ലക്ഷ്യബോധമില്ലായ്മ
- കുട്ടികളുടെ പഠനത്തിൽ രക്ഷിതാക്കളുടെ ശ്രദ്ധക്കുറവ്
- ഭാഷകൾ തെറ്റുകൂടാതെ കൈകാര്യം ചെയ്യാൻ കഴിയുന്നില്ല
- ക്ലാസ്സ് പി.ടി.എ. യോഗങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തക്കുറവ്
- കല , പ്രവൃത്തിപരിചയ തസ്തികളിൽ അധ്യാപകരുടെ കുറവ്
- തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ അപര്യാപ്തത
- കായിക പരിശീലനത്തിന് എച്ച്.എസ്.എസ്,യു.പി വിഭാഗങ്ങളിൽ  സ്ഥിരം കായികാധ്യാപകരുടെ അഭാവം
- വായനാമുറി , സെമിനാർഹാൾ എന്നിവയുടെ അഭാവം
- വിദ്യാർത്ഥികളിലുള്ള ആരോഗ്യപ്രശ്നങ്ങൾ

# അക്കാദമിക മാസ്റ്റർപ്ലാൻ
# എച്ച്.എസ് വിഭാഗം

# ENGLISH

| Objective | Activities | Duration | Responsibility | Financial Analysis |
|---|---|---|---|---|
| 1) To enable confident communication in English) | Spoken English Class<br>English Library ,(English Library modernization) , English Corner Story Time English Cartoon (English Cartoon exhibition) English Assembly | Holidays / Saturdays | PTA, Teachers | PTA, Management |
| 2) To provide opportunities for expression in English | Cinema & Documentary- Profile & Script 1English Cinema (Displaying scenes from English cinema) Role play , English Day Seminars,Selecting poems by famous English poets, preparing choreography and presenting visual displays on a club basis) | Along with classroom activities,Academic year | Teachers, SRG,English teachers) | English Club, Management,PTA, English Club |

| | | | | |
|---|---|---|---|---|
| 3)To prepare for independent reading and independent writing | School English Voice (Letter cards) ,(Word cards) , (Sentence construction cards) (Picture reading) , (Short story creation) , Public Speaking Simply Games English(English newspaper reading) (Vocabulary acquisition),(Preparing newspaper reports)<br>My diary,Reading assembly news) , News reading competitions | Along with classroom activities,Classroom activities, Assembly | PTA, SRG, Teachers<br>PTA, Teachers) | English Club |
| 4)Dramatization | English Assembly Skit Puppet Show , English Lab , Puppet Show, Skit, (Identifying scenes from lessons and presenting them through strategies like Puppet Show, Skit, and Storytelling) | Classroom activities, Saturdays, Camp | PTA, SRG, Teachers,Eng lish Club | PTA ,Parents |
| 5)Enabling poetry recitation and composition) | Opportunity to listen to English audio,Conducting poetry writing and recitation competitions,Preparing | Class activities,Vacation, | Teachers, PTA, SRG,English | English Club,PTA, Management |

| | | | | |
|---|---|---|---|---|
| | appreciation notes<br>Utilizing communication and discussion opportunities with famous poets, Book Reviews<br>Magazine,Exhibition of works - Magazine | Saturdays,Twice a year | teachers | |
| 6) Utilizing technological possibilities for English language development | Conducting interviews and video conferences with famous writers, critics, and renowned personalities from various fields<br>English fest , English film | Vacation - Onam, Christmas<br>Once in the academic year | Teachers, PTA, SRG<br>English Club | PTA, SRG, Management |
| 7)Organizing discussion forums | Creating opportunities to spend time and have discussions with Native Speakers, English writers, Poets- Conducting video conferences with living English writers and poets) | Saturdays/ Vacation,Twice in the academic year) | Teachers, PTA, SRG | PTA, English Club |

# മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതീകം | ചുമതല |
|---|---|---|---|---|
| 1) ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ ടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷര കാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക<br>7. വാക്യങ്ങൾ നിർമ്മിക്കൽ<br>8. ചിത്രം- അടിക്കുറിപ്പ്<br>9. ചിത്രം- കഥ എഴുതൽ<br>10. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് | മാസം (ആഗസ്ത്, സെപ്തംബർ) | പുസ്തകങ്ങൾ, ചിത്രങ്ങൾ | പി.ടി.എ, അധ്യാപകർ |
| 2) കുട്ടിയെ മികച്ച വായനക്കാരനാക്കുക. | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>3. സമീപ ഗ്രന്ഥശാല അംഗത്വം<br>4. വായനോത്സവം സംഘടിപ്പിക്കൽ | 6 മാസം | ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, പത്രങ്ങൾ, ആനുകാലിക | പി.ടി.എ, അധ്യാപകർ |

| | | | | |
|---|---|---|---|---|
| | 5. പത്രവായന<br>6. പുസ്തക ചർച്ച<br>7. വായനാനുഭവം<br>8. വായനാക്കുറിപ്പ് പതിപ്പ്<br>9. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം<br>10. ദിനാചരണം<br>11. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>12. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും.<br>13. ആസ്വാദകരമായ വായന<br>14. ഇ-വായന | | പ്രസിദ്ധീകരണങ്ങൾ, ഇൻററനെറ്റ്, കമ്പ്യൂട്ടർ | |
| 3) കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | 1. എഴുത്തുകൂട്ടം രൂപീകരണം<br>2. പുസ്തക ചർച്ച<br>3. വായനക്കുറിപ്പ്, പതിപ്പ്<br>4. വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ<br>5. ചുമർ പത്രിക, പതിപ്പ് തയ്യാറാക്കൽ<br>6. സർഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>7. വ്യക്തിഗത രചന, സംഘ രചന<br>8. ഭാഷ പ്രോജക്ട് | 6 മാസം | ലൈബ്രറി, പുസ്തകങ്ങൾ, ഫോട്ടോകൾ | പി.ടി.എ, അധ്യാപകർ |

| | | | | |
|---|---|---|---|---|
| | 9. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം, സംവാദം<br>10. സാഹിത്യ- സാംസ്കാരിക ചിത്ര ഗ്യാലറി | | | |
| 4) സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | 1. പ്രസംഗ പരിശീലന കളരി<br>2. വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക<br>3. മികച്ച പ്രസംഗങ്ങളുടെ ഓഡിയോ, വീഡിയോ എന്നിവ കേൾപ്പിക്കുന്നു.<br>4. പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജമാക്കുക. | 6 മാസം, (ജൂലൈ- ഡിസംബർ) | ഓഡിയോ, വീഡിയോ | ട്രൈയിനർ, അധ്യാപകർ. |

# ഹിന്ദി

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. ഉച്ചാരണം പരിചയപ്പെടുത്തുന്നു. | അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു. അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു. | ഹ്രസ്വം ജൂൺ | | |
| അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു. | ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു. | | | |
| ആഴ്ചയുടെ എണ്ണങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു. | ക്ലാസ്സിലെ ഓരോ വിദ്യാർത്ഥിയുടേയും ജനന തിയ്യതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു. വർക്ക് ഷീറ്റുകൾ നൽകുന്നു. ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു. കേട്ടെഴുത്ത്, പദസൂര്യൻ, പ്രശ്നോത്തരി എന്നിവ നൽകുന്നു. | മധ്യകാലം ഓഗസ്റ്റ് സെപ്റ്റംബർ | | |
| ഹിന്ദി അനായാസം എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു. | ചിത്രകഥ, കാർട്ടൂൺ, ചെറുകവിതകൾ തുടങ്ങിയവ വായനയ്ക്കായി നൽകുന്നു. | ഡിസംബർ ജനുവരി | | |

| | | | | |
|---|---|---|---|---|
| വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു. | | | | |
| കാർട്ടൂൺ, ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കുവാൻ കഴിയുന്നു. | | | | |
| ഹിന്ദി എഴുതുവാനും വായിക്കുവാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു. | വർക്ക് ഷീറ്റുകൾ നൽകുന്നു. ചിത്രങ്ങളടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു. | ഹ്രസ്വം 30 ജൂൺ ജൂലൈ | | |
| നാമം, സർവ്വനാമം, വിശേഷണം എന്നിവ മനസ്സിലാക്കുന്നു. വാക്യഘടന പരിചയപ്പെടുത്തുന്നു. | ചാർട്ടുകൾ നൽകുന്നു. അതിൽ നിന്നും സർവ്വനാമം, വിശേഷണം എന്നിവ കണ്ടെത്തുവാൻ പറയുന്നു. കവിത, കഥ പൂരിപ്പിക്കുവാൻ നൽകുന്നു. | മധ്യം ഓഗസ്റ്റ് സെപ്റ്റംബർ | | |
| ചെറിയ ചെറിയ മുദ്രാവാക്യങ്ങൾ എഴുതുവാനറിയുന്നു. | സൂചനാ ബോർഡുകൾ എഴുതി ക്ലാസ്സിൽ പ്രദർശിപ്പിക്കുവാൻ പറയുന്നു. | | | |

| | | | | |
|---|---|---|---|---|
| പോസ്റ്റർ തയ്യാറാക്കുവാനറിയുന്നു. | പോസ്റ്ററിന്റെ മോഡൽ നൽകുന്നു. വിവിധ വിഷയങ്ങൾ നൽകുന്നു. ക്ലാസ്സിൽ പ്രദർശിപ്പിച്ച് മൂല്യ നിർണ്ണയം നടത്തുന്നു. | ദീർഘം ഡിസംബർ നവംബർ | | |
| കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുവാനറിയുന്നു. | ചെറിയ കവിതകൾ നൽകിക്കൊണ്ട് ആസ്വാദനക്കുറിപ്പ് ക്ലാസ്സിൽ അവതരിപ്പിക്കുവാൻ പറയുന്നു. | | | |
| കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ ഭാഷാവസ്തുതകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു. | നാടകം വേദിയിൽ അവതരിപ്പിക്കുന്നു. സന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കുവാൻ പറയുന്നു. | ഹ്രസ്വം 49 ജൂൺ ജൂലൈ | | |
| സാഹിത്യാഭിരുചി വളർത്തുക, ഹിന്ദിവാരാഘോഷ സമയത്ത് ഹിന്ദി കലോത്സവം മികച്ച രീതിയിൽ നടത്തുന്നു. കുട്ടിയുടെ മികച്ച പങ്കാളിത്തം ഉറപ്പുവരുത്തുന്നു. | പദ്യം ചൊല്ലൽ, കഥ, കവിത, പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു. | മധ്യം ഓഗസ്റ്റ് സെപ്റ്റംബർ ഒക്ടോബർ | | |

| | | | | |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നു. കഥയെ തിരക്കഥയായി മാറ്റുവാനാറിയുന്നു. | പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു. കഥാപാത്രങ്ങളെ ആസ്പദമാക്കി, ചരിത്ര കുറിപ്പ് തയ്യാറാക്കുവാൻ പറയുന്നു. | ദീർഘം നവംബർ ജനുവരി | | |
| സ്വഭാവ സവിശേഷതകളിന്മേൽ കുറിപ്പ് തയ്യാറാക്കുവാനാറിയുന്നു. ഡയറി എഴുതുവാനറിയുന്നു. | എല്ലാ ദിവസവും ഡയറിഎഴുതുവാനുള്ള നിർദ്ദേശം നൽകുന്നു. | | | |

# ഗണിതം

| MONTH | ACADEMIC FOCUS (VIII) | ACADEMIC FOCUS (IX) | ACADEMIC FOCUS (X) | NON ACADEMIC HIGHLIGHTS |
|---|---|---|---|---|
| JUNE | ഒപ്പത്തിനൊപ്പം (ചതുഷ് ക്രിയ അവബോധ പരിശോധനയും പരിഹാര ബോധനവും) വർഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ഒപ്പത്തിനൊപ്പം (ചതുഷ് ക്രിയ അവബോധ പരിശോധനയും പരിഹാര ബോധനവും) സമവാക്യ ജോഡികൾ, ബ്രിഡ്ജ്- ദശാംശ രൂപങ്ങൾ, പുതിയ സംഖ്യകൾ & ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ഒപ്പത്തിനൊപ്പം (ചതുഷ്ക്രിയ അവബോധ പരിശോധനയും പരിഹാര ബോധനവും) സമാന്തര ശ്രേണികൾ, വൃത്തങ്ങളും കോണുകളും, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ക്ലബ് ഉദ്ഘാടനം, Problem of the week - തുടക്കം, Maths Bulletin Board സ്ഥാപിക്കൽ, 19 Pascal ജന്മദിനാചരണം |
| JULY | തുല്യത്രികോണങ്ങൾ, വർഗസമവാക്യങ്ങൾ, ബഹുപദങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | പുതിയ സംഖ്യകൾ, ബ്രിഡ്ജ് - ത്രികോണ പരപ്പ്, സമാന്തരവരകൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | വൃത്തങ്ങളും, കോണുകളും, സമാന്തര ശ്രേണിയും, ബീജഗണിതവും, സാധ്യതകളുടെ ഗണിതം, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ഗണിതമേളയുമായി ബന്ധപ്പെട്ട വർക്ക് ഷോപ്പ്, Weekly Maths Journal പ്രസിദ്ധീകരിക്കുന്നു, Maths Talent Test |
| AUGUST | ബഹുപദങ്ങൾ, | രണ്ടാംകൃതി സമവാക്യങ്ങൾ, | ഗുണന സമവാക്യങ്ങൾ, | ഗണിതക്വിസ്സ് മത്സരം, |

| | | | | |
|---|---|---|---|---|
| | സമവാക്യപരിഹാരം, ഒന്നാം പാദവാർഷിക പരീക്ഷ & PTM | ത്രികോണമിതി, ഒന്നാം പാദവാർഷിക പരീക്ഷ & PTM | അഭിന്നക ഗുണനം, ഒന്നാം പാദവാർഷിക പരീക്ഷ & PTM | ഗണിത മാഗസിൻ, Peer Tutoring - Teach a Topic മത്സരം |
| SEPTEMBER | പുതിയ സംഖ്യകൾ, സമഭാജികൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | അഭിന്നക ഗുണനം, സദൃശ ത്രികോണങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ത്രികോണമിതി, സൂചക സംഖ്യകൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | സ്കൂൾ ഗണിതമേള, Geo Ge bra പരിശീലനം, Sep - 5 Teachers Day, ടീച്ചർ മത്സരം |
| OCTOBER | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ബ്രിഡ്ജ് - വൃത്തങ്ങൾ, വൃത്തങ്ങളുടെ അളവുകൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | സബ്ജില്ല ഗണിത മേളക്ക് കുട്ടികളെ സജ്ജമാക്കുക, Maths Puzzle Day (2nd Week) |
| NOVEMBER | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | രേഖീയ സംഖ്യകൾ, ബഹുപദങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ഫീൾഡ് ട്രിപ്പ് സംഘടിപ്പിക്കുക, '0' യുടെ പ്രാധാന്യം വിളിച്ചോതാൻ ഉതകുന്ന (Without '0' the world is nothing, Write |

| | | | | |
|---|---|---|---|---|
| | | | | a letter to zero), Nov-4 ശകുന്തള ദേവി |
| DECEMBER | Vol II പാഠഭാഗങ്ങൾ, അർദ്ധ വാർഷിക പരീക്ഷ & PTM | വൃത്തഭാഗങ്ങൾ, അർദ്ധ വാർഷിക പരീക്ഷ & PTM | Vol II പാഠഭാഗങ്ങൾ പൂർത്തീകരിക്കുന്നു, അർദ്ധ വാർഷിക പരീക്ഷ & PTM | ദേശീയ ഗണിതദിനം (Dec 22) ആഘോഷം |
| JANUARY | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | സ്തംഭങ്ങൾ, ബഹുപദ ചിത്രങ്ങൾ, അനുപാതം, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | വിജയഭേരി | പോസ്റ്റർ നിർമ്മാണം (Maths for Nation Building) |
| FEBRUARY | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & റിവിഷൻ | അനുപാതം, സ്ഥിതി വിവരകണക്ക്, ക്ലാസ് ടെസ്റ്റ് & റിവിഷൻ | റിവിഷൻ, മോഡൽ പരീക്ഷ & PTM | Pi - ചരിത്രവും പ്രാധാന്യവും പ്രോഗ്രാം |
| MARCH | വാർഷിക പരീക്ഷ | വാർഷിക പരീക്ഷ | വാർഷിക പരീക്ഷ | SSLC വിദ്യാർത്ഥികൾക്ക് തിരിഞ്ഞു |

# ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | സാമ്പത്തികം |
|---|---|---|---|
| 1 പിന്നോക്കാവസ്ഥയുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം. | അധ്യാപകൻ-കുട്ടി, കുട്ടി-കുട്ടി (Peer Group) എന്നിങ്ങനെ 2 തലത്തിൽ പരിശീലനം. | ആഴ്ചയിൽ 2 ദിവസം | - |
| 2 ശാസ്ത്രമാസിക, ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ. | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്ര സംബന്ധമായ അറിവുകൾ, ലേഖനങ്ങൾ, കവിതകൾ തുടങ്ങി ഉപയോഗപ്പെടുത്തി ശാസ്ത്രമാസിക, ശാസ്ത്രപതിപ്പ് എന്നിവ തയ്യാറാക്കൽ. | 6 മാസത്തിൽ ഒരിക്കൽ | - |
| 3. ചോദ്യപേപ്പർ ശില്പശാല സംഘടിപ്പിക്കൽ, സമഗ്രയിൽ ചേർക്കൽ. | തെരഞ്ഞെടുക്കപ്പെട്ട കുട്ടികളെ ഉപയോഗപ്പെടുത്തി ചോദ്യപേപ്പർ ശില്പശാല സംഘടിപ്പിച്ച് ചോദ്യശേഖരം തയ്യാറാക്കൽ. ചോദ്യപേപ്പർ സമഗ്രയിൽ Upload ചെയ്യൽ. | | 1000/- PTA |
| 4. മോഡൽ, നിർമ്മാണം (ശില്പശാല). | ജീവശാസ്ത്രവുമായി ബന്ധപ്പെട്ട മോഡലുകൾ ശില്പശാലയിലൂടെ നിർമ്മിക്കൽ. | 120000 | 2500/- PTA |
| ശാസ്ത്രാഭിരുചി വളർത്തൽ. | 1. ശാസ്ത്രതത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെയുള്ള കുട്ടികളുടെ അവതരണം പരീക്ഷണക്കളരി-പരീക്ഷണങ്ങൾ പൊതുസമൂഹത്തിന് മുന്നിൽ പ്രദർശിപ്പിക്കൽ. | വർഷത്തിൽ 1 തവണ | 1000/ പി.ടി.എ. |
| | 2. സ്കൂൾ സയൻസ് എക്സിബിഷൻ. | വർഷത്തിൽ 1 | |

| | | | |
|---|---|---|---|
| | | തവണ | |
| | 3. ഗവേഷണാത്മക പ്രോജക്റ്റ് ഏറ്റെടുത്തുള്ള പഠനം by സർവ്വെ, അഭിമുഖം, നിരീക്ഷണം. | ആവശ്യമായ സന്ദർഭങ്ങളിൽ | പി.ടി.എ. |
| 2. ശാസ്ത്രമേളകളിൽ പൂർണ്ണ പങ്കാളിത്തം ഉറപ്പുവരുത്തൽ. | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ. | 1 വർഷത്തിൽ 3 മാസം | പി.ടി.എ. |
| 3. ശാസ്ത്രലാബ് നവീകരണം ശാസ്ത്രലാബിനെ കാലാനുസൃതമായി നവീകരിക്കൽ. | ഫിസിക്സ്, കെമിസ്ട്രി, ബയോളജി വിഷയങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങളും മറ്റ് സാമഗ്രികളും പ്രത്യേകം പ്രത്യേകം സജ്ജീകരിക്കൽ. | ജനുവരി മുതൽ 1 മാസം | |

# സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം (Objective) | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) പഠിതാക്കളെ ചരിത്രാവ ബോധം ഉള്ളവരാക്കുക. ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക. | കാടും മേടും: ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. വയൽ കിളികൾ: സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മൊഡ്യൂളുകൾ തയ്യാറാക്കി പ്രത്യേക പഠന ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം മുഴുവനുമായി നടത്തുന്നു. നിശ്ചയിച്ച തീയ്യതികളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ, കുട്ടികൾ, സുമനസുകൾ |
| 2) ജനാധിപത്യം ഒരു ജീവിത ശൈലിയാക്കി മാറ്റി എടുക്കുക. പൗരബോധം, മൂല്യബോധം ഇവ വളർത്തുക. | ഒന്നായി നമ്മൾ: സ്കൂൾ പാർലമെന്റ്, മോക്ക് പാർലമെന്റ്, പൗരബോധം സാമൂഹ്യസേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ, കുട്ടികൾ, സുമനസുകൾ |

| | | | | |
|---|---|---|---|---|
| 2) സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക. | സ്റ്റാർട്ട് അപ്പ്: സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു. ആകാശ കാഴ്ചകൾ, കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ച്ച വെക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| 3) മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക. പരിഷ്കർത്താക്കളെ പരിചയപ്പെടുക. | ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ: സർവ്വേ, പ്രൊജക്ട്, ചർച്ചകൾ, സംവാദം, ക്ലാസുകൾ, അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| 3) ഭൂപട വായന കുട്ടികളിൽ വളർത്തുക, സ്ഥലനിർണ്ണയം നടത്തുവാൻ എന്ന ലക്ഷ്യം, കൈവരിക്കുക. | പട്ടുപാതയിലൂടെ: ഭൂമിശാസ്ത്ര പരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു; ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ച്ച വെക്കുന്നു. അറ്റ്ലസ്, മാപ്പുകൾ, ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| 4) കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക. | മൈ സിനിമ റൂം: സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി, | അക്കാദമിക വർഷം മുഴുവനും 28 | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| | സംവാദം എന്നിവയെക്കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക, വീഡിയോ പ്രദർശനം, പ്രൊജക്ട് റൂം etc സിനിമ (ചരിത്ര സിനിമ പ്രദർശനം) | | | |
| 5) വ്യത്യസ്ത ഇനം മണ്ണിനെക്കുറിച്ചും, ജലാശയങ്ങളെക്കുറിച്ചും, കാറ്റുകൾ, സമുദ്രങ്ങൾ, പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക എന്ന ലക്ഷ്യം. | ചരിത്ര കൊട്ടാരം: വിവിധ മേഖലകളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്ര ലാബുകളുടെ ക്രമീകരണം. കണ്ടും കേട്ടും, തൊട്ടറിഞ്ഞും പഠനം ഹരമാക്കി മാറ്റുന്നു. | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

# ആരോഗ്യ കായിക വിദ്യാഭ്യാസം

| പ്രവർത്തനങ്ങൾ | ലക്ഷ്യം | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എട്ട്,ഒൻപത് ക്ലാസ്സിലെ കുട്ടികൾക്ക് പാഠപുസ്തകത്തിലെ പഠന പ്രവർത്തനങ്ങളിൽ മുഴുവൻ കുട്ടികളെയും പങ്കെടുപ്പിക്കുന്നു. | മുഴുവൻ കുട്ടികൾക്കും കായിക പഠനം നൽകിക്കൊണ്ട് സ്കൂളിൽ കായിക സംസ്കാരം ഉണ്ടാക്കിയെടുക്കുക. | ജൂൺ മുതൽ ഫെബ്രുവരി വരെ | കായികാദ്ധ്യാപകൻ | |
| **AAPHER Physical Fitness Test**<br>രണ്ടു ഘട്ടങ്ങളിലായി ടെസ്റ്റ് നടത്തുകയും ശാരീരിക ക്ഷമതയുടെ മാറ്റങ്ങളുടെ വിവരങ്ങൾ ഫിറ്റ്നസ് കാർഡിൽ രേഖപ്പെടുത്തുകയും ചെയ്യുന്നു.<br>ജൂൺ അവസാന വാരത്തെ ആദ്യത്തെ ടെസ്റ്റിന് ശേഷം ഫിസിക്കൽ എഡ്യൂക്കേഷൻ പീരിയഡ് കായികപ്രവർത്തനങ്ങൾ നൽകുന്നു.ജനുവരിയിൽ രണ്ടാമത്തെ ടെസ്റ്റ് നടത്തുന്നു. | എട്ട്,ഒൻപത് ക്ലാസ്സിലെ കുട്ടികൾക്ക്ളുടെ ശാരീരിക ക്ഷമത, പേശീസക്തി, പേശീക്ഷമത, ചടുലത, ഹൃദയ ശ്വസന ക്ഷമത എന്നിവ ഓരോരുത്തരുടെയും മനസിലാക്കി കൊടുക്കുന്നതിനോടൊപ്പം ശാരീരിക ക്ഷമതയുടെ ആവശ്യകതയെക്കുറിച്ച് പൂർണ്ണ ബോധവാന്മാരാക്കുക. തുടർച്ചയായ കായിക പ്രവർത്തനം ഫിറ്റ്നസിലുണ്ടാകുന്ന മാറ്റത്തെ സ്വയം വിലയിരുത്തലിന് പ്രാപ്തരാക്കുക. | ആദ്യത്തെ ടെസ്റ്റ് ജൂണിലും<br>രണ്ടാമത്തെ ടെസ്റ്റ് ജനുവരിയിലും | കായികാദ്ധ്യാപകൻ / സീനിയർ അദ്ധ്യാപിക | സ്കൂൾ വികസന സമിതി /പി.ടി.എ |
| **1.സുബ്രതോ കപ്പ് ഫുട്ബോൾ** | കളിയിലെ ടാലന്റ് കണ്ടെത്തി ടീം രൂപികരിച്ച | ജൂൺ മുതൽ | കായികാദ്ധ്യാപകൻ | സ്കൂൾ വികസന |

| | | | | |
|---|---|---|---|---|
| **ടൂർണമെന്റ്**<br>**2.ജൂഡോ**<br>**3.റെസലിങ്**<br>**4.ഫുട്ബോൾ**<br>**5.അത്‌ലറ്റിക്സ്** | കുട്ടികളെ മത്സരത്തിന് പങ്കെടുപ്പിക്കുന്നതിലൂടെ സംഘബോധം,സുഹൃത്തുക്കളെ ഉണ്ടാകുവാനുള്ള കഴിവ്,സാമൂഹിക ഇടപെടൽ എന്നിവക്ക് പ്രാപ്തരാക്കുക. | ഫെബ്രുവരി വരെ | | സമിതി /പി.ടി.എ |
| **സൈക്കിൾ സവാരി പഠനം** | സ്കൂളിലെ മുഴുവൻ കുട്ടികൾക്കും സൈക്കിൾ സവാരി പഠനം | ജൂൺ മുതൽ ഫെബ്രുവരി വരെ ഘട്ടം ഘട്ടമായി | കായികാദ്ധ്യാപകൻ/ സീനിയർ കുട്ടികൾ | സ്കൂൾ വികസന സമിതി /പി.ടി.എ |
| **ഇൻക്ലൂസിവ് സ്പോർട്സ്**<br><br>പ്രേത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കുള്ള സ്കൂൾസ് കായികമേളക്ക് വിവിധ കായിക ഇനങ്ങൾക്ക് തയാറാക്കുക. | ഇൻക്ലൂസിവ് സ്പോർട്സ് പരിചയപ്പെടുത്തൽ | ഓഗസ്റ്റ് - നവംബർ | കായികാദ്ധ്യാപകൻ/ Special Educator | സ്കൂൾ വികസന സമിതി /പി.ടി.എ |
| വിവിധ കായിക ഇനങ്ങളിൽ നാഷണൽ,സംസ്ഥാന,ജില്ലാ മത്സരങ്ങളിൽ മെഡൽ നേടിയ കുട്ടികളെ ആദരിക്കൽ. | തുടർന്നും വരുന്ന മത്സരങ്ങളിൽ വിജയിക്കാനുള്ള പ്രോത്സാഹനം നൽകുന്നതോടൊപ്പം വിജയിക്കാനുള്ള ലക്ഷ്യബോധത്തെ പരിപോഷിപ്പിക്കുന്നതിനും | ഫെബ്രുവരി | പി.ടി.എ | സ്കൂൾ വികസന സമിതി /പി.ടി.എ |

# അക്കാദമിക മാസ്റ്റർപ്ലാൻ

# യു.പി. വിഭാഗം

# മലയാളം

ലക്ഷ്യങ്ങൾ

- ഭാഷയെ ഹൃദയത്തോട് ചേർത്ത് പിടിക്കാൻ.
- മാതൃഭാഷയെ പെറ്റമ്മയായി കാണാൻ
- എഴുത്ത് , വായന എന്നിവയെ സംസ്കാരമായി കാണാൻ
- സർഗാത്മകതയിലൂടെ ആസ്വാദനത്തിന്റെ ഔന്നത്യത്തിലെത്താൻ
- വരികൾക്കിടയിൽ വായിക്കാൻ, വായന ലഹരിയാക്കാൻ
- ഒ്ാരോ കുട്ടിയും അക്ഷരം പിഴയ്ക്കാതെ , മനസ്സിലെ ആശയം എഴുത്തിലൂടെ പ്രകടമാക്കാൻ
- സ്വതന്ത്രരചനകളിൽ ഏർപ്പെടാൻ
- വീട്ടിലും ക്ലാസ്സിലും ജീവിതത്തിലും പുസ്തകങ്ങൾക്ക് ഇടം നൽകാൻ

| പ്രവർത്തനം | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|
| ◆ ക്ലാസ്സ് റൂം ലൈബ്രറി<br>◆ വായനാക്കുറിപ്പ് എഴുതൽ മത്സരം<br>◆ ഭാഗികമായി കഥ പറഞ്ഞ് , ആകാംക്ഷ വർദ്ധിപ്പിച്ച് പുസ്തകം നൽകൽ<br>◆ വായനക്കായി പ്രത്യേകം പിരീഡ് നൽകൽ<br>◆ വായനാ ചലഞ്ച്<br>◆ വായനാദിനം<br>◆ വായനാവാരം- വായിക്കൂ സമ്മാനം നേടൂ.<br>◆ വായനാക്കുറിപ്പ്- പതിപ്പ് നിർമ്മാണം<br>◆ കഥ പൂർത്തിയാക്കൽ<br>◆ വരികൾക്കിടയിൽ വായിക്കൽ<br>◆ ചിത്രവായന<br>◆ പദസൂര്യൻ തയ്യാറാക്കൽ<br>◆ ബാലമാസികകൾ ക്ലാസ്സ് ലൈബ്രറിയിൽ ഉൾപ്പെടുത്തൽ<br>◆ ഭാഷാലാബ് സജ്ജീകരണം<br>◆ ഭാവാത്മകമായ വായനയുടെ വീഡിയോ പ്രദർശനം<br>◆ വായന കേൾക്കാം (പ്രശസ്തരുടെ ഒാഡിയോ)<br>◆ പാഠഭാഗം നാടകീകരണം- ലഘുചിത്ര രൂപീകരണം, പ്രദർശനം<br>◆ ഒരു ദിനം ഒരു കഥാപാത്രം പരിചയപ്പെടൽ | ജൂൺ മുതൽ മാർച്ച് | അധ്യാപകർ<br>രക്ഷിതാക്കൾ | |

| | | | |
|---|---|---|---|
| ◆ ബഷീർ ദിനാചരണം<br>◆ ഫീൽഡ് ട്രിപ്പ്- തസ്രാക്കിലേക്കൊരു യാത്ര<br>◆ പതിപ്പ് നിർമ്മാണം - മാസത്തിലൊരു ഭാഷാപതിപ്പ് | ജൂൺ – ജൂലൈ<br>മാസത്തിൽ ഒന്ന് | ഭാഷാധ്യാപകർ<br>മലയാളം ക്ലബ് | |
| ◆ ഭാഷാകേളികൾ<br>അക്ഷരശ്ലോകം<br>സംവാദം<br>സെമിനാർ<br>കുട്ടികവിതാരചന<br>കഥ കൂട്ടിച്ചേർക്കൽ | മാസത്തിൽ ഒന്ന് | ഭാഷാധ്യാപകർ<br>മലയാളം ക്ലബ് | |
| ◆ വാർത്താലോകത്തേക്ക് -<br>സ്കൂളിലെ നല്ല വാർത്തകൾ ചേർത്ത് പത്രം നിർമ്മിക്കൽ | മാസത്തിൽ ഒന്ന് | ഭാഷാധ്യാപകർ<br>മലയാളം ക്ലബ് | |

# അടിസ്ഥാനശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ◆ നമ്മുടെ ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയുവാൻ കുട്ടികളെ പ്രാപ്തരാക്കുക, നിരീക്ഷണപാടവം വർദ്ധിപ്പിക്കുക | ◆ വിദ്യാലയപരിസരത്തുള്ള ആവാസവ്യവസ്ഥകൾ സന്ദർശിച്ച് നിരീക്ഷണക്കുറിപ്പുകൾ തയ്യാറാക്കൽ<br>◆ സ്കൂൾ, വീട് എന്നിവയുടെ പരിസരം നിരീക്ഷിച്ച് സസ്യജാലങ്ങൾ, ജീവജാലങ്ങൾ എന്നിവയെക്കുറിച്ച് നിരീക്ഷണക്കുറിപ്പുകൾ തയ്യാറാക്കൽ | ജൂൺ – ഡിസംബർ | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ് | |
| ◆ ശാസ്ത്രപരീക്ഷണ-ക്കളരി | ◆ നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗിച്ച് രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്രക്ലാസ്സുകൾ ആരംഭിക്കുന്നു. പരീക്ഷണകിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണക്കുറിപ്പുകൾ തയ്യാറാക്കുന്നു. പരീക്ഷണസാമഗ്രികൾ സ്വന്തമായി കണ്ടെത്തൽ , പഠനോപകരണങ്ങൾ നിർമ്മിക്കൽ | ജൂൺ – മാർച്ച് | ശാസ്ത്രാധ്യാപകർ | |

| | | | | |
|---|---|---|---|---|
| ◆ ശാസ്ത്ര ദിനാചരണങ്ങൾ | ◆ ശാസ്ത്രദിനങ്ങൾ ആചരിക്കൽ , പോസ്റ്ററുകൾ തയ്യാറാക്കൽ, ക്വിസ്, സെമിനാർ | ജൂൺ – മാർച്ച് | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ് പി.ടി.എ. | |
| ◆ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള കഴിവ് വളർത്തിയെടുക്കൽ | ◆ സ്കൂളും വീടും പരിസരവും ഹരിതാഭമാക്കുക. പൂന്തോട്ടം , ഔഷധത്തോട്ടം , പച്ചക്കറിത്തോട്ടം എന്നിവ നിർമ്മിക്കുക, കുട്ടികളുടെ നേതൃത്വത്തിൽ അവ പരിപാലിക്കുക | ജൂൺ – മാർച്ച് | ശാസ്ത്രാധ്യാപകർ | |
| ◆ ശാസ്ത്രമാസിക തയ്യാറാക്കൽ | ◆ ശാസ്ത്രവാർത്തകൾ , കുറിപ്പുകൾ , പരീക്ഷണങ്ങൾ, കണ്ടുപിടുത്തങ്ങളുടെ കഥകൾ , ശാസ്ത്രജ്ഞൻമാരെക്കുറിച്ചുള്ള കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര മാസിക തയ്യാറാക്കൽ | ജൂൺ – ജനുവരി | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ് | |
| ◆ കുട്ടികളുടെ ശാസ്ത്രാഭിരുചിയും സാഹിത്യവാസനയും വളർത്താൻ | ◆ ശാസ്ത്രനാടകങ്ങളുടെ അവതരണം | ഡിസംബർ – ജനുവരി | ശാസ്ത്രാധ്യാപകർ | |
| ◆ ശാസ്ത്രവിസ്മയം കുട്ടികളിലെത്തി-ക്കുക. പുതിയ കണ്ടുപിടുത്തങ്ങളിലേക്ക് അവരുടെ ശ്രദ്ധതിരിക്കുക | ◆ ശാസ്ത്രവിസ്മയ ചുമർ – നൂതന ശാസ്ത്രപരീക്ഷണങ്ങൾ, വിഷയങ്ങൾ, കണ്ടുപിടുത്തങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട ചിത്രങ്ങൾ , കുറിപ്പുകൾ എന്നിവ ശേഖരിച്ച് | ജൂലൈ - മാർച്ച് | ശാസ്ത്രാധ്യാപകർ | |

| | | | | |
|---|---|---|---|---|
| | വിസ്മയച്ചുമർ നിർമ്മിക്കുന്നു. | | | |
| ◆ ശാസ്ത്രപുസ്തകങ്ങളോടുള്ള അഭിരുചി വർദ്ധിപ്പിക്കുവാൻ, വായനാശീലം വളർത്തുവാൻ | ◆ ശാസ്ത്രലൈബ്രറി - വിവിധ ശാസ്ത്ര വിഷയങ്ങളെക്കുറിച്ചുള്ള പ്രസിദ്ധീകരണങ്ങൾ, യുറീക്ക പോലുള്ള ശാസ്ത്രമാസികകൾ എന്നിവ ശേഖരിച്ച് ശാസ്ത്രലൈബ്രറി തയ്യാറാക്കൽ | ആഗസ്റ്റ് - ഡിസംബർ | ശാസ്ത്രാധ്യാപകർ | |
| ◆ ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ശാസ്ത്രസാങ്കേതിക വിദ്യകൾ എന്നിവ ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക | ◆ ICT യുടെ സഹായത്തോടെ ശാസ്ത്രവിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടുപിടുത്തങ്ങൾ, ശാസ്ത്രജ്ഞരുടെ ജീവചരിത്രങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട വീഡിയോ പ്രദർശനം | ജൂൺ -മാർച്ച് | ശാസ്ത്രാധ്യാപകർ | |

# ഗണിതം

ലക്ഷ്യങ്ങൾ

- ഗണിതപഠനം ലളിതവും രസകരവുമാക്കുക
- ഗണിതത്തിലെ പിന്നാക്കാവസ്ഥ പരിഹരിക്കുവാനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക
- ICT സാധ്യതകൾ പരമാവധി ഉപയോഗിച്ച് ഗണിതപഠനം ലളിതമാണെന്ന് കുട്ടിയെ ബോധ്യപ്പെടുത്തുന്നു.
- ചതുഷക്രിയകൾ ഉറപ്പിക്കുന്നു.
- ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയുന്നു.
- പ്രായോഗിക പ്രശ്നപരിഹാരത്തിന് മുൻഗണന.
- ദൈനംദിന ജീവിതപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ചതുഷക്രിയകൾ സഹായകമാകുന്നുവെന്ന് കുട്ടികൾ തിരിച്ചറിയുന്നു.
- ജ്യാമിതീയ രൂപങ്ങളിൽ നിന്നും സംഖ്യകളിൽ നിന്നും പാറ്റേൺ നിർമ്മിക്കുന്നു.
- രക്ഷിതാക്കൾ, കുട്ടികൾ, ബി.ആർ.സി. തുടങ്ങിയവരുടെ സഹകരണത്തോടെ ഗണിതലാബ് ഒരുക്കി ഗണിതപഠനം എളുപ്പമാക്കുന്നു.
- സംഖ്യാബോധം, സംഖ്യാവ്യാഖ്യാനം, ചതുഷക്രിയകൾ , പ്രായോഗിക പ്രശ്നപരിഹരണം എന്നിങ്ങനെയുള്ള പഠനനേട്ടങ്ങൾ ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകുന്നു.
- കുട്ടികൾ സ്വന്തമായി വർക്ക്ഷീറ്റ് തയ്യാറാക്കുകയും ക്ലാസ്സിൽ അവതരിപ്പിക്കുകയും ചെയ്യുന്നു.

| പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|
